## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2683** **13.03.2020 ൽ മറുപടിക്ക്**

## തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സ്

| ചോദ്യം<br>ശ്രീ.പി.ജെ.ജോസഫ് | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന് 04.03.2016 ൽ ഇരുപത്തി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതാണെങ്കിലും സാങ്കേതികാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 04.03.2016 തീയതിയിൽ 23 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ള തൊടുപുഴ മിനി സിവിൽ സ്റ്റേഷൻ അനക്സിന്റെ പ്രവൃത്തിക്ക് 26.06.2018 തീയതിയിൽ സാങ്കേതികാനുമതി ലഭിച്ചിരുന്നു. എന്നാൽ തടസ്സരഹിത സ്ഥലലഭ്യതയുടെ അഭാവം മൂലം ടെണ്ടർ നടപടികൾ നീണ്ടുപോയി. 01.03.2019 തീയതിയിലെ 18/2019/ഫിൻ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റിൽ ജി.എസ്.ടി ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ആയതുകൊണ്ട് ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി 06.11.2019 തീയതിയിൽ റദ്ദുചെയ്തിട്ടുള്ളതും ജി.എസ്.ടി ഉൾപ്പെടുത്തിയ എസ്റ്റിമേറ്റ് പുതുക്കിയ സാങ്കേതികാനുമതിക്കായി പരിശോധിച്ചുകൊണ്ടിരിക്കുന്നു. |
| (ബി) മിനി സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) MVIP യുടെ ഉടമസ്ഥതയിലുള്ള തൊടുപുഴ വില്ലേജിലെ 321/12, 321/13 എ, 321/13 ബി എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 0.6345 ഹെക്ടർ ഇറിഗേഷൻ ഭൂമി നിലവിൽ റവന്യൂ വകുപ്പിന് കൈമാറികിട്ടിയിട്ടില്ല. തടസ്സരഹിതമായി സ്ഥലം ലഭ്യമായാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**